**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **05-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി-വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ; | (എ) | വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിനു നിലവിൽ പ്രശ്നങ്ങൾ ഒന്നും ഇല്ലായെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | ടി കെട്ടിട നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഡിസംബർ അവസാനത്തോടു കൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 498 കിഫ്ബി - വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണം മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.*

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.* ***(എ)*** വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ; ***(ബി)*** പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;? ***(സി)*** ടി കെട്ടിട നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജോയിന്റ് സെക്രട്ടറി**